LIBRARY ARCHIVES Kerala Legislative Assembly

കടവല്ലൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

352 (1437) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എൽ.എ. ആസ്തി വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി 51 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതല നൽകിയതുമായ കടവല്ലൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെയവസ്ഥ എന്താണ്;

(ബി) ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ കഴിയാതെ വന്നത് എപ്രകാരമാണ്;

(സി) പ്രസ്തുത പ്രവൃത്തി കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2012-13 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കടവല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണ പ്രവർത്തനങ്ങൾ മെയിൻ സ്ലാബിന്റെ പൂർത്തീകരണം വരെ എത്തിയിട്ടുണ്ട്.

(ബി) പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ ലഭിക്കുന്നതിന് നേരിട്ട കാലതാമസംമൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വന്നത്.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി കരാറുകാരന് നീട്ടി നൽകുകയും, വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

കോതായിതോട് പാലം നിർമ്മാണം

353 (1438) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യംമ്പുഴ-മഞ്ഞപ്ര റോഡിലെ കോതായിതോട് പാലത്തിന്റെ നിർമ്മാണത്തിന് 375 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) നിലവിലെ പാലത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുയർന്ന ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിഷയമാണ് തൊഴിലാളി സംഘടനകൾ ചർച്ചയ്ക്ക് പ്രകോപന ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ ഭൂമി ലഭ്യമായാൽ പാലം നിർമ്മാണം ആരംഭിക്കുന്നതാണ്.

കൽപ്പറ്റ ബൈപ്പാസ് റോഡ് നടപ്പാത വിപുലപ്പെടുത്തുന്നത്

354 (1439) ശ്രീ. പി.കെ. ബി. മുഹമ്മദ് കുഞ്ഞി : താഴെ കൊടുത്ത ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ

(എ) കൽപ്പറ്റ ബൈപ്പാസ് റോഡ്, നിർദ്ദിഷ്ട ബസ്റ്റാന്റ്, താഴെയങ്ങാടി ജംഗ്ഷൻ നടപ്പാത എന്നിവ വിപുലപ്പെടുത്തുന്നതിനായി പൊതുമരാമത്ത് കാര്യാലയത്തിന്റെ പൂർണ്ണമായി ഏറ്റെടുക്കേണ്ടതുണ്ടോ എന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ കോഴിക്കോട് നോർത്ത് സർക്കിളിന്റെ ഡി.ബി.3/1830/2015 എന്ന കത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിലുണ്ട്. അപേക്ഷ പ്രകാരം നടപ്പാത വിപുലീകരിക്കുന്നതിന് കൽപ്പറ്റ പി.ഡബ്ല്യു.ഡി. ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഫയലിലെ ഒരു ഭാഗം പൊളിച്ചുമാറ്റി നടപ്പാത വിപുലീകരിക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) പ്രസ്തുത വിഷയത്തിലുണ്ടായിട്ടുള്ള കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നോർത്ത് സർക്കിളിന്റെ ഡി.ബി.3/1830/2015 നമ്പർ കത്തായി 8-7-2015-ാം തീയതി പൊതുമരാമത്ത് കെട്ടിട വിഭാഗം കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി. തുടർന്ന് കാര്യാലയത്തിൽ കെട്ടിടം സംരക്ഷിക്കപ്പെടേണ്ടുള്ളതിനാൽ പൊതുമരാമത്ത് കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ പൊതുവിൽ പൊളിച്ചുമാറ്റി പുതിയ നടപ്പാതയിൽ പുനർ നിർമ്മിക്കണമെന്ന ഉദ്ദേശത്തോടെ സർക്കാർ സ്ഥലത്തിൽ വിട്ടുകൊടുക്കാവുന്നതാണെന്ന വിവരം പൊതുമരാമത്ത് കെട്ടിട വിഭാഗം വിഭാഗം എഞ്ചിനീയർ 30-11-2015-ൽ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly